(എ) നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനും വൈസ് പ്രസിഡന്റിനുമെതിരെ അവിശ്വാസ പ്രമേയം പാസ്സാക്കിയതെന്നാണ്;

(ബി) ഒരു ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെതിരെ അവിശ്വാസപ്രമേയം പാസ്സായാലുടനെ പ്രസ്തുത ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന് തൽസ്ഥാനം നഷ്ടമാകുമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ;

(സി) എങ്കിൽ അവിശ്വാസ പ്രമേയത്തിന് വിധേയമായ ആൾ രാജിവയ്ക്കണമെന്നുണ്ടോ;

(ഡി) അവിശ്വാസപ്രമേയത്തിനുശേഷം ഇവിടെ പുതിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ തെരഞ്ഞെടുക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) ഇവിടെ പുതിയ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിനെ തെരഞ്ഞെടുക്കുന്നതിനുള്ള കാലതാമസത്തിന് കാരണമെന്ത് എന്ന് വ്യക്തമാക്കുമോ;

(എഫ്)ഈ ഗ്രാമപഞ്ചായത്തിന്റെ പ്രസിഡന്റിന്റെ തെരഞ്ഞെടുപ്പ് എന്നു നടത്തുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 26.10.1999-ൽ

(ബി) ഉണ്ട്.

(സി) ഇല്ല.

(ഡി) അവിശ്വാസ പ്രമേയം പാസ്സായതിനാൽ നെടുവത്തൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് സ്ഥാനത്തുണ്ടായ ഒഴിവ് സർക്കാരിലേക്കും സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷനും റിപ്പോർട്ട് ചെയ്യുകയും 1999-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) നിയമപ്രകാരം 14.12.99-ാം തീയതിയിലെ ജി.ഒ. (എം.എസ്) 234/99/തസ്വഭവ. നമ്പരായി വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(ഇ)&(എഫ്) നെടുവത്തൂർ ഗ്രാമപഞ്ചായത്തിന്റെ പുതിയ പ്രസിഡന്റിനെ തെരഞ്ഞെടുക്കുവാൻ സംസ്ഥാന തെരഞ്ഞെടുപ്പു കമ്മീഷൻ മുഖേന നടപടി സ്വീകരിച്ചു വരുന്നു.

122 (679) പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിലെ പെർഫോർമൻസ് ആഡിറ്റ്

ശ്രീ. ഇ.ടി. മുഹമ്മദ് ബഷീർ :

ശ്രീ. പെർക്കളം അബ്ദുള്ള :

ശ്രീ. സി.ടി. അഹമ്മദ് അലി : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്രാജ് സ്ഥാപനങ്ങളിൽ പെർഫോർമൻസ് ആഡിറ്റ് കാര്യക്ഷമമായി നടക്കുന്നില്ല എന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1999 ജനുവരി മുതൽ നവംബർ വരെ എത്ര തദ്ദേശ സ്ഥാപനങ്ങളിൽ ആഡിറ്റ് നടത്തി എന്ന് മാസം തിരിച്ച് വ്യക്തമാക്കുമോ;

(സി) ഇതിൽ ഗ്രാമപഞ്ചായത്തുകൾ എത്ര;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) മറ്റ് സ്ഥാപനങ്ങൾ എത്ര?

ഉത്തരം

(എ) ഇല്ല.

(ബി),(സി)&(ഡി) വിശദവിവരം ലഭ്യമല്ല.

123 (680) സ്വതന്ത്ര ആഡിറ്റ് കമ്മിഷൻ

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റിന് മാത്രമായി ഒരു സ്വതന്ത്ര ആഡിറ്റ് കമ്മിഷൻ രൂപീകരിക്കുന്നതിനെതിനെ സംബന്ധിച്ച് സെൻ കമ്മിറ്റി സർക്കാരിന് എന്തെങ്കിലും ശുപാർശകൾ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) നിർദ്ദിഷ്ട ആഡിറ്റ് കമ്മിഷൻ രൂപീകരണത്തോടുകൂടി ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന് ഉണ്ടാകുന്ന മാറ്റത്തെപ്പറ്റി സമിതിയുടെ റിപ്പോർട്ടിൽ എന്താണ് പരാമർശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് ഭേദഗതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അധികാരവികേന്ദ്രീകരണ സമിതിയോട് ഗവൺമെന്റ് ആവശ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത് തദ്ദേശഭരണസ്ഥാപനങ്ങൾക്ക് മാത്രമായി ഒരു പ്രത്യേക കമ്മിഷൻ രൂപീകരിക്കുവാനാണോ അതോ ലോക്കൽ ആഡിറ്റ് വകുപ്പിനെ തന്നെ നിർദ്ദിഷ്ട ആഡിറ്റ് കമ്മിഷനാക്കി പരിവർത്തനം ചെയ്യുന്നതിന് വേണ്ടിയാണോ എന്ന് വ്യക്തമാക്കുമോ;

(ഡി) ആക്ട് ഭേദഗതിയെ സംബന്ധിച്ച് അധികാര വികേന്ദ്രീകരണ കമ്മിറ്റിയുടെ ശുപാർശ കണ്ടെത്തുന്ന റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

(ഇ) അരനൂറ്റാണ്ടായി തദ്ദേശഭരണസ്ഥാപനങ്ങളുടെ ആഡിറ്റ് സംബന്ധിച്ച ചുമതലകൾ നിറവേറ്റിവരുന്ന ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റെ ഭാവിയെ സംബന്ധിച്ച ഗവൺമെന്റിന്റെ കാഴ്ചപ്പാട് എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. റിപ്പോർട്ടിലെ പ്രസക്തഭാഗം അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ബി) സ്വതന്ത്ര ഓഡിറ്റ് കമ്മിഷൻ രൂപീകൃതമാകുന്നതോടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ആഡിറ്റിന്റെ ചുമതല ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിന്റേതല്ലാതായി മാറും. പ്രസ്തുത വകുപ്പിൽനിന്ന് ഒരു വിഭാഗം ജീവനക്കാരെ കമ്മിഷനിലേയ്ക്ക് വിട്ടുകൊടുക്കേണ്ടതാണെന്ന് റിപ്പോർട്ടിൽ ശുപാർശ ചെയ്യപ്പെട്ടിട്ടുണ്ട്. ലോക്കൽ ഫണ്ട് ആഡിറ്റ് വകുപ്പിനുണ്ടാകുന്ന മറ്റു മാറ്റങ്ങളെപ്പറ്റി റിപ്പോർട്ടിൽ പരാമർശമൊന്നുമില്ല.

(സി)&(ഡി) ലോക്കൽ ഫണ്ട് ആഡിറ്റ് ആക്ട് ഭേദഗതിക്കുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ അധികാര വികേന്ദ്രീകരണ സമിതിയോട് സർക്കാർ ആവശ്യപ്പെട്ടിട്ടില്ല.

---

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly